# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

97

www.industry.kerala.gov.in

15 JANUARY 2026


# പുതു സാധ്യതകൾ ആരാഞ്ഞ് സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം



സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച 22-മത് കേരള ബാംബൂ ഫെസ്റ്റിനോടനുബന്ധമായി 2026 ജനുവരി 01 എറണാകുളം ടൗൺ ഹാളിൽ വച്ച് സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം സംഘടിപ്പിച്ചു. കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി നടന്ന സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഹു. എറണാകുളം എം.എൽ.എ. ശ്രീ. ടി.ജെ. വിനോദ് അധ്യക്ഷനായിരുന്നു.

കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങളെ മനസിലാക്കി അവയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക, പരമ്പരാഗത ഈറ്റ, മുള തൊഴിൽ മേഖലയെ നവീകരിക്കുകയും തൊഴിലാളികളുടെ പങ്കാളിത്തതോടെ പുതിയ തൊഴിൽ സംരംഭങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക, ഈറ്റ, മുള തൊഴിലാളികളുടെ പാരമ്പര്യ/പരമ്പരാഗത അറിവുകളെ National Institute of Design (NID) പോലെയുള്ള പ്രമുഖ ഡിസൈൻ സ്ഥാപനങ്ങളുമായി കൂട്ടിയിണക്കി വിപണി സാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഈറ്റ തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഒരുക്കുന്നതിനുള്ള സാധ്യതകൾ ആരായുക തുടങ്ങിയ ലക്ഷ്യങ്ങളെ മുൻനിർത്തിയായിരുന്നു സംഗമം സംഘടിപ്പിച്ചത്.

മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി നാഷണൽ ബാംബൂ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് നാഷണൽ ബാംബൂ മിഷൻ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കെ. എസ്. ശ്രീകാന്ത്, സംസ്ഥാന ബാംബൂ മിഷന് കീഴിലെ മുള മേഖലയുടെ ശാക്തീകരണ പ്രവർത്തനങ്ങളെക്കുറിച്ച് കെബിപ്പ്/ബാംബൂ മിഷൻ സി.ഇ.ഒ. ശ്രീ. സൂരജ്. എസ്., ഈറ്റ - മുള തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബാംബൂ കോർപ്പറേഷൻ എം.ഡി. ശ്രീ. സുരേഷ് പുല്ലാനിക്കാട്ട്, ഈറ്റ - മുള മേഖലയുടെ പ്രോത്സാഹനവും വികസനവും എന്ന വിഷയത്തെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി. ബി ശ്രീകുമാർ, മുള ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും രൂപകൽപ്പനയും എന്ന വിഷയത്തെക്കുറിച്ച് ഉറവ് സിഇഒ ശ്രീ. ടോണി പോൾ എന്നിവർ സംസാരിച്ചു.



**ശ്രീ. പി. രാജീവ്**
ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി

പരമ്പരാഗത ഈറ്റ, മുള മേഖലയെ ശക്തിപ്പെടുത്തി സംരക്ഷിക്കും. വനംവകുപ്പുമായി ഏകോപിപ്പിച്ച് ഈറ്റ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉടൻ തൊഴിലാളികൾക്ക് ലഭ്യമാക്കും. ഉൽപ്പന്നങ്ങൾ നെയ്തു കൊടുത്താൽ രണ്ടാഴ്ചയ്ക്കകം ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകണമെന്ന തൊഴിലാളികളുടെ ആവശ്യത്തിൽ തുടർനടപടിയുണ്ടാകും.



**പരമ്പരാഗത ഈറ്റ മുള തൊഴിലാളി സംഗമം**

**ജനുവരി 01, 2026**
**ടൗൺ ഹാൾ, എറണാകുളം നോർത്ത്**

വിവിധ ജില്ലകളിലെ തൊഴിലാളികൾ എറണാകുളം ടൗൺ ഹാളിൽ നടന്ന സംഗമത്തിന്റെ ഭാഗമായി. ഈറ്റ തൊഴിൽ മേഖലയെക്കുറിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസുകളും ചർച്ചകളും നടന്നു. തൊഴിലാളികളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉദ്യോഗസ്ഥർ മറുപടി നൽകി. കൂടുതൽ വിപണി സാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമിച്ച് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ തൊഴിലാളികൾക്ക് കൂടുതൽ ഉണർവ് പകർന്നു. സംഗമത്തോടനുബന്ധിച്ച് കേരള സംസ്ഥാന ബാംബൂ മിഷൻ എറണാകുളം ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം മൈതാനിയിൽ സംഘടിപ്പിച്ച 22-ാമത് കേരള ബാംബു ഫെസ്റ്റ് സന്ദർശിക്കുന്നതിനും അവസരം ഒരുക്കിയിരുന്നു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ്., ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. കെ അജിത് കുമാർ, കേരള കരകൗശല വികസന കോർപറേഷൻ ചെയർമാൻ ശ്രീ. പി. രാമഭദ്രൻ, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. ചാണ്ടി പി. അലക്സാണ്ടർ തുടങ്ങിയവർ സംസാരിച്ചു.

# പെട്രോകെമിക്കൽ രംഗത്തെ പുത്തൻ കുതിപ്പിന് വഴിയൊരുക്കി വ്യവസായ ഉച്ചകോടി




പെട്രോകെമിക്കൽ അനുബന്ധ വ്യവസായ ഉച്ചകോടി ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. സംസ്ഥാന വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കിൻഫ്ര, ബിപിസിഎൽ എന്നിവയുമായി സഹകരിച്ച് സംസ്ഥാന വ്യവസായ വികസന കോർപറേഷനാണ് (കെഎസ്ഐഡിസി) 'പെട്രോകെമിക്കൽ ആൻഡ് അലൈഡ് സെക്ടേഴ്സ്' വിഷയത്തിൽ 2026 ജനുവരി 5ന് കൊച്ചിയിൽ കോൺക്ലേവ് സംഘടിപ്പിച്ചത്.

പ്ലാസ്റ്റിക് പുനരുപയോഗത്തിനായി കൊച്ചിയിൽ പ്രത്യേക വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയതായി ബഹു.മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കൊച്ചി ബ്രഹ്മപുരത്ത് വ്യവസായ പാർക്കിനായുള്ള സ്ഥലം കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. 'സംസ്ഥാനത്തെ പെട്രോകെമിക്കൽ പരിസ്ഥിതിയും മുന്നോട്ടുള്ള വഴിയും' എന്ന വിഷയം അവതരിപ്പിച്ചു. 'ബിപിസിഎൽ പെട്രോകെമിക്കലും അനുബന്ധ മേഖലകളും' എന്ന വിഷയത്തിൽ ബിപിസിഎൽ പെറ്റ്കെം ടാസ്ക്ഫോഴ്സ് മേധാവി ശ്രീ. അതുൽ ഖാൻവൽക്കറും 'പെട്രോകെമിക്കൽ പാർക്കും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും' വിഷയത്തിൽ കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് ആൻഡ് വിഷൻ 2030' വിഷയത്തിൽ കെഎസ്ഐഡിസി ജനറൽ മാനേജർ ശ്രീ. വർഗീസ് മാളക്കാരനും സംസാരിച്ചു.

വ്യവസായ വാണിജ്യ ഡയറക്ടർ - കെഎസ്ഐഡിസി എംഡി ശ്രീ. പി വിഷ്ണുരാജ് ഐ.എ.എസ്., ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോകെമിക്കൽസ് ടെക്നോളജി ഡയറക്ടർ ഡോ. കെ എ രാജേഷ്, ബിപിസിഎൽ ബിപിആർഇപി ഹെഡ് ശ്രീ. എ. എൻ. ശ്രീറാം, ബിപിസിഎൽ സിജിഎം (പ്രോജക്ട്സ് - പി പി) ശ്രീ. ജയ് കിഷൻ സി. നാഥ്, കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീ. സി. എ. ഷാഹുൽ ഹമീദ് തുടങ്ങിയവർ സംസാരിച്ചു.

# ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ 2025 ൽ തിളങ്ങി കേരളം



ഇന്ത്യയിലെ പ്രമുഖ അന്താരാഷ്ട്ര വ്യാപാര മേളകളിലൊന്നായ ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ 2025 ൽ സന്ദർശക പ്രശംസ ഏറ്റുവാങ്ങി കേരളം. ബംഗാൾ ചേംബർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രി, ജി.എസ്. മാർക്കറ്റിംഗ് അസോസിയേറ്റ്സുമായി സഹകരിച്ച് 2025 ഡിസംബർ 5 മുതൽ 25 വരെ കൊൽക്കത്തയിലെ സയൻസ് സിറ്റി ഗ്രൗണ്ടിൽ സംഘടിപ്പിച്ച മേളയിൽ കേരളത്തിൽ നിന്നുള്ള 11 സൂക്ഷ്മ,ചെറുകിട, ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്റ്റാളുകൾ ക്രമീകരിച്ചിരുന്നു.

രാജ്യത്തുടനീളമുള്ള 22 സംസ്ഥാനങ്ങളുടെ പങ്കാളിത്തം ദേശീയതലത്തിലും 20 രാജ്യങ്ങളുടെ പങ്കാളിത്തം അന്താരാഷ്ട്രതലത്തിലും ഐഐഎംടിഎഫിനെ ശ്രദ്ധേയമാക്കി മാറ്റി. വിതരണക്കാർ, കയറ്റുമതിക്കാർ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, കൺസൾട്ടൻറുകൾ, മോഡേൺ ട്രേഡ് കമ്പനികൾ എന്നിവരുൾപ്പെടെ സന്ദർശകരായെത്തിയ ഐഐഎംടിഎഫിൽ കേരളത്തിലെ MSME കളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കാൻ സാധിച്ചതിലൂടെ സംരംഭക ബന്ധം സ്ഥാപിക്കുന്നതിനും ബിസിനസ്സ് ശൃംഖല വിപുലീകരണത്തിനും സാധിച്ചു.

# 150 കോടിയുടെ

## നിക്ഷേപവുമായി അവിഗ്ന ഗ്രൂപ്പ് ; 1500 പേർക്ക് തൊഴിലവസരം

AVIGNA™
GROUP

കേരളത്തിൽ 150 കോടിയുടെ നിക്ഷേപവുമായി രാജ്യത്തെ പ്രമുഖ വെയർഹൗസ് ആൻഡ് ലോജിസ്റ്റിക്സ് കമ്പനി അവിഗ്ന. ചെന്നൈ ആസ്ഥാനമായി പ്രവർത്തനം തുടങ്ങിയ കമ്പനിയുടെ കേരളത്തിലെ ആദ്യ ലോജിസ്റ്റിക് പാർക്കാണ് അങ്കമാലി പുളിയനത്ത് പ്രവർത്തനം ആരംഭിച്ചത്. കേരളത്തെ ലോജിസ്റ്റിക്സ് ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംരംഭം കേരളത്തിലെ ആധുനിക വെയർഹൗസ്, ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യ വികസന രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കും.

21.35 ഏക്കറിൽ അഞ്ചുലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ ആധുനിക സൗകര്യങ്ങളോടെയാണ് പാർക്ക് സജ്ജമാക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വ്യവസായവളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്ന പദ്ധതിയിലൂടെ 1500 പേർക്ക് പ്രത്യക്ഷമായും 250ൽ അധികംപേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.

# കൊച്ചി– ബംഗളൂരു വ്യാവസായിക ഇടനാഴി പദ്ധതി നിർവ്വഹണ ഓഫീസ് ഉദ്ഘാടനം ചെയ്തു

കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴി പദ്ധതി നിർവ്വഹണ ഓഫീസ് പാലക്കാട് ഇരട്ടയാൽ കൊടുമ്പിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. കേരള സർക്കാരിനു കീഴിലുള്ള കിൻഫ്രയും കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (എൻഐസിഡിഐടി) ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ രൂപംകൊടുത്ത പ്രത്യേകോദ്ദേശ്യ സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഐസിഡിസി) ആണ് പാലക്കാട് സ്മാർട് സിറ്റിയുടെ വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

ഒക്ടോബറിൽ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ 36 മുതൽ 42 മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനോടനുബന്ധിച്ച് തമിഴ്നാടുമായി ചേർന്ന് സെമികണ്ടക്ടർ, ഓട്ടോമോട്ടീവ് മേഖലകളിൽ പരസ്പര സഹകരണത്തോടെയുള്ള വികസനത്തിന് ചർച്ചകൾ നടന്നുവരികയാണ്. നിലവിൽ കിൻഫ്രയുടെ കൈവശമുള്ള ഭൂമി ഘട്ടംഘട്ടമായി കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുകയാണ് ചെയ്യുന്നത്. ആദ്യഘട്ടമായി കഴിഞ്ഞ ഡിസംബറിൽ 110




ഏക്കർ ഭൂമിയും മാർച്ചിൽ 220 ഏക്കർ ഭൂമിയും കൈമാറിയപ്പോൾ രണ്ടു ഘട്ടമായി കേന്ദ്രം 313.5 കോടി രൂപയും കൈമാറിയിട്ടുണ്ട്. കിൻഫ്രയുടെ തിരിച്ചെടുത്ത 60 ഏക്കറിൽ 20 ഏക്കർ ഐഐടിക്ക് ഇൻഡസ്ട്രിയൽ റിസർച്ച് സെന്ററിനായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

രാജ്യത്ത് ആകെ അനുവദിക്കപ്പെട്ടിട്ടുള്ള 12 വ്യാവസായിക ഇടനാഴികളിൽ അടിസ്ഥാനസൗകര്യവികസനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. ജിഎസ്ടി ഉൾപ്പടെ 1316.13 കോടി രൂപയ്ക്കാണ് കരാർ ഒപ്പിട്ടത്. ആകെ 3,600 കോടിയോളം രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിയാണ് പാലക്കാട് സ്മാർട് സിറ്റി. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി വഴി സംസ്ഥാന സർക്കാർ 1,489 കോടി രൂപ ചെലവിട്ടിരുന്നു.


Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.